(സി) ഈ പദ്ധതിയുടെ പ്രയോജനം ഏതെല്ലാം വിഭാഗത്തിൽപെട്ടവർക്ക് ലഭിക്കുമെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) മൈത്രീ ഭവന നിർമ്മാണ പദ്ധതിയനുസരിച്ച് 1998-99 കാലയളവിൽ 31.3.99 വരെ 36585 പേർക്കാണ് വായ്പ അനുവദിച്ചത്.

(ബി) ഈ ഇനത്തിൽ 11920.85 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.

(സി) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭവനരഹിതരായ വിഭാഗങ്ങൾക്കുവേണ്ടിയുള്ള ഒരു വായ്പാ പദ്ധതിയാണിത്. പ്രതിമാസം 1800 രൂപയിൽ താഴെ മാത്രം കുടുംബ വരുമാനമുള്ളവരും സ്വന്തമായി വാസയോഗ്യമായ വീടില്ലാത്തവരും എന്നാൽ വീട് നിർമ്മിക്കുന്നതിനാവശ്യമായ ഒരു സെന്റ് ഭൂമിയെങ്കിലും സ്വന്തമായി ഉള്ളവരുമായ ആളുകൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിന് അർഹതയുണ്ട്.

105 (249) മൈത്രീ ഭവന നിർമ്മാണ പദ്ധതി

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈത്രീഭവന നിർമ്മാണ പദ്ധതി പ്രകാരം 1997-98-ൽ സബ്സിഡിയായി എന്തു തുക വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സബ്സിഡി നൽകുന്നതു സംബന്ധിച്ച് കേസുകൾ ഏതെങ്കിലും തീരുമാനമാകുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്ത് കാരണത്താലാണ് സബ്സിഡി നൽകാൻ കഴിയാത്തതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മൈത്രീ ഭവന നിർമ്മാണ പദ്ധതി പ്രകാരം 1997-98-ൽ സബ്സിഡിയായി 2743.83 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ഇല്ല. അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും സബ്സിഡി അനുവദിക്കുന്നുണ്ട്.

(സി) ഉദിക്കുന്നില്ല.

106 (250) ഭവനരഹിതർക്കുവേണ്ടിയുള്ള ഭവന നിർമ്മാണ പദ്ധതി

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ ബോർഡ് ഭവനരഹിതർക്കുവേണ്ടിയുള്ള ഏതെങ്കിലും ഭവന നിർമ്മാണ പദ്ധതി നിലവിൽ നടത്തുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഭവന നിർമ്മാണ ബോർഡ് നിർമ്മിച്ചതും എന്നാൽ ആരും തന്നെ വാങ്ങാത്തതുമായ ഭവനങ്ങൾ എവിടെയൊക്കെ ഉണ്ടെന്നും എത്രകാല

LIBRARY ARCHIVES Kerala Legislative Assembly

മായി പണി പൂർത്തീകരിച്ചതിനുശേഷവും അടഞ്ഞുകിടക്കുന്നുവെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഭവനങ്ങൾ വിലക്കെടുക്കാൻ ആളെ കിട്ടാത്തപക്ഷം വാടകയ്ക്കു നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഭവന നിർമ്മാണ ബോർഡ് ഭവന രഹിതർക്കുവേണ്ടി മൈത്രീ ഭവന നിർമ്മാണ പദ്ധതി, പൊതുഭവന പദ്ധതി, ഹൗസിംഗ് കോംപ്ലക്സ് പദ്ധതി എന്നിവ നടപ്പാക്കുന്നുണ്ട്. കൂടാതെ സർക്കാർ ജീവനക്കാർക്കുവേണ്ടി വാടകവീടു പദ്ധതി, പത്രപ്രവർത്തകർക്കുവേണ്ടിയുള്ള പദ്ധതി, വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി എന്നീ പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.

(ബി) ഇക്കാര്യത്തിൽ 1999 ഏപ്രിൽ ഒന്നു വരെയുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.† എത്ര കാലമായി അടഞ്ഞുകിടക്കുന്നു എന്നു കണക്കാക്കിയിട്ടില്ല.

(സി) ഇക്കാര്യം ആലോചിച്ചിട്ടില്ല.

107 (251) ശാന്തിഭവനുകൾ

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. ലോനപ്പൻ നമ്പാടൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജില്ലകൾതോറും ശാന്തിഭവനുകൾ നിർമ്മിക്കുന്നതിനായി സർക്കാർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(ബി) എങ്കിൽ ശാന്തിഭവന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെ എന്ന് വെളിപ്പെടുത്തുമോ;

(സി) ജില്ലകൾതോറും ശാന്തിഭവനുകൾ നിർമ്മിക്കുന്ന പദ്ധതി പ്രകാരം സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിലാണ് ശാന്തിഭവനുകൾ ആദ്യമായി ആരംഭിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ശാന്തിഭവനുകളുടെ നിർമ്മാണം എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ജില്ലകൾ തോറും 60 വയസ്സിനുമേൽ പ്രായമുള്ള വൃദ്ധജനങ്ങൾക്കായി ശാന്തിഭവനുകൾ നിർമ്മിക്കുവാൻ സംസ്ഥാന ഭവന നിർമ്മാണ ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

81.	Shangumughom Veli Road	4.400
82.	Ophthalmic to Mulavana Road	1.200
83.	Kazhanad Road	6.750

അനുബന്ധം VII

22.6.1999-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 106 (250) ദയവായി കാണുക.

വിവിധ പൊതുഭവന നിർമ്മാണ പദ്ധതികളിൽ 1.4.1999-ൽ ഉണ്ടായിരുന്ന (5 യൂണിറ്റിൽ അധികമുള്ള) വീട്/ഫ്ളാറ്റ്/പ്ലോട്ട് ഒഴിവുകളുടെ വിവരം

പദ്ധതിയുടെ പേര്	ഒഴിവ്		എണ്ണം	
	വീട്	ഫ്ളാറ്റ്	പ്ലോട്ട്	ആകെ
1. ആറ്റിങ്ങൽ എ.കെ.ജി. നഗർ	20	-	20	40
2. ചേർത്തല	7	-	7	14
3. പി.റ്റി. ചാക്കോ നഗർ	-	7	-	7
4. ചിന്നക്കട	-	8	-	8
5. തിരുവല്ല സ്റ്റേജ് 3 (എൽ.ആർ.എ.)	-	-	6	6
6. തിരുവല്ല സ്റ്റേജ് 4	-	-	5	5
7. ത്രിവിക്രമംഗലം	11	-	-	11
8. കോഴഞ്ചേരി 1	8	-	-	8
9. കോഴഞ്ചേരി 2	8	-	-	8
10. തൃക്കാക്കര (2)	-	-	7	7
11. തൃക്കാക്കര (ന്യൂ)	-	-	19	19
12. ആലുവ (കെ.എസ്.ആർ.ടി.സി. യ്ക്കു സമീപം)	-	6	-	6
13. ഞാറയ്ക്കൽ	-	-	14	14
14. മുളം കുന്നത്തുകാവ്	167	-	-	167
15. അയ്യന്തോൾ	-	8	-	8
16. ഗുരുവായൂർ	-	8	-	8
17. ചാലക്കുടി	15	-	-	15
18. കൊടുങ്ങല്ലൂർ	-	-	5	5
19. ഗാന്ധി നഗർ	21	-	33	54
20. ഗാന്ധി നഗർ (എക്സ്റ്റൻഷൻ)	-	-	12	12
21. ചങ്ങനാശ്ശേരി	13	-	-	13
22. വെള്ളൂർ	-	-	28	28

LIBRARY ARCHIVES Kerala Legislative Assembly

23. കട്ടപ്പന	21	-	-	21
24. തൊടുപുഴ സൈറ്റ് 1	30	-	-	30
25. തൊടുപുഴ സൈറ്റ് 2	16	-	-	16
26. കൂവപ്പാടി	20	-	-	20
27. പാലാ സൈറ്റ് 1	9	-	-	9
28. ഒറ്റപ്പാലം 1	-	-	15	15
29. ഒറ്റപ്പാലം 2	-	-	61	61
30. മെഡിക്കൽ കോളേജ്, കോഴിക്കോട്	113	-	107	220
31. തോട്ടട	-	-	8	8
32. മാലാപ്പറമ്പ്	-	-	7	7
33. ചിറയ്ക്കൽ	12	-	-	12
34. വടകര	38	-	15	53
35. കുറുവ	-	-	25	25
36. ചേവായൂർ 2	7	-	-	7
ആകെ	536	37	394	967

LIBRARY ARCHIVES Kerala Legislative Assembly